**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 432** **05-07-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് വിദ്യാർത്ഥികളുടെ സാമൂഹിക ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് വിദ്യാർത്ഥികളുടെ മാനസികാരോഗ്യ പരിപാലനത്തിന് ഊന്നൽ നൽകുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തി മികച്ച കലാലയ ജീവിതം പ്രദാനം ചെയ്യുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പ് "ജീവനി മെന്റൽ വെൽബീയിംങ്" എന്ന പേരിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. കലാലയങ്ങളിൽ മാനസിക പിരിമുറുക്കം നേരിടുന്ന വിദ്യാർത്ഥികളെ കണ്ടെത്തു വാനും, കൗൺസിലിംഗിലൂടെ അവരെ നേരായ മാർഗത്തിലേയ്ക്ക് നയിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകുന്നു. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ, ക്ലിനിക്കൽ /കൗൺസിലിംഗ് മേഖലയിൽ പ്രവർത്തി പരിചയമുള്ള വിദഗ്ധരുടെ സേവനം ലഭ്യമാക്കിയാണ് വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നത്. കോളേജ് തലത്തിൽ പ്രിൻസിപ്പാൾ ചെയർമാൻ ആയി, പി.ടി.എ പ്രസിഡന്റ്, സമീപ പ്രദേശത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ വിദഗ്ധർ, ടീച്ചർ ഇൻ- ചാർജ് ഓഫ് ജീവനി, ഓഫീസ് പ്രതിനിധി എന്നിവർ അടങ്ങിയ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.<br><br>വിദ്യാർത്ഥികൾക്ക് മാനസികാരോഗ്യ പിന്തുണ നൽകുന്നതിന്റെ ഭാഗമായി സാങ്കേതിക സ്ഥാപനങ്ങളിൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ സ്ഥാപി ച്ചിട്ടുണ്ട്. കൂടാതെ എല്ലാ സ്ഥാപന ങ്ങളിലും ഓരോ ക്ലാസിനും കുറഞ്ഞത് മൂന്ന് ഉപദേശകരെ ക്ലാസ് ഉപദേശകരായി നിയോഗിക്കുന്നുണ്ട്. അവർക്ക് വിദ്യാർത്ഥികളുടെ മാനസിക പ്രശ്നങ്ങൾ തിരിച്ചറി യുന്നതിനുള്ള കഴിവുകൾക്കായി ഒരു ആഴ്ചത്തെ പരിശീലന പരിപാടി നടത്താൻ പദ്ധതിയുണ്ട്.<br><br>എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല പരിഷ്കരിച്ച പാഠ്യപദ്ധതിയിൽ Health & Wellness എന്നൊരു വിഷയം |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ അഫിലിയേറ്റഡ് കോളേജുകളോടും മാനസികാരോഗ്യ ക്ലബ്ബുകൾ സ്ഥാപിക്കുവാനും, ടി ക്ലബ്ബുകളെ ഉപദേശിക്കാൻ കഴിയുന്ന ഫാക്കൽറ്റി മെന്റർമാരെ പരിശീലിപ്പിക്കുവാനും, കൗൺസിലിംഗിന് സൗകര്യമുള്ള സമീപത്തെ ആശുപത്രികളുമായി ധാരണാ പത്രങ്ങൾ ഒപ്പിടാനുമുള്ള നിർദ്ദേശങ്ങൾ സാങ്കേതിക സർവകലാശാല നൽകിയിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്കിടയിൽ സാമൂഹിക ബോധം വളർത്തിയെടുക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വിദ്യാർത്ഥികൾക്കിടയിൽ സാമൂഹിക ബോധം സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയാണ് സ്റ്റുഡന്റ് ഫോർ സൊസൈറ്റി (SFS). സമൂഹത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തി അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുന്നതിനും പ്രശ്ന പരിഹാരം നിർദ്ദേശിക്കാൻ കഴിയുമെങ്കിൽ അതിനുള്ള അവസരം ഒരുക്കുന്നതിനും അതിലൂടെ സാമൂഹിക പ്രതിബദ്ധത ഉറപ്പ് വരുത്തി വിദ്യാർഥികളെ സമൂഹവുമായി ചേർത്ത് നിർത്തുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ സാധിക്കുന്നു.<br><br>വിദ്യാർത്ഥികൾക്കിടയിൽ സാമൂഹിക ബോധം വളർത്തിയെടുക്കുന്നതിനായി പാഠ്യവിഷയങ്ങളോടൊപ്പം ഇന്ത്യൻ ഭരണ ഘടന എന്ന വിഷയം ബി.ടെക് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല പരിഷ്കരിച്ച പാഠ്യ പദ്ധതിയിൽ സാമൂഹിക പ്രസക്തമായ മിനി പ്രോജക്ട് എല്ലാ ബി.ടെക് വിദ്യാർത്ഥികളും നിർബന്ധമായി ചെയ്യുന്നതിനും, ഇതിലൂടെ മൂന്ന് ക്രെഡിറ്റ് വരെ വിദ്യാർത്ഥികൾക്ക് നേടുന്നതിനുള്ള അവസരവും പരിഷ്കരിച്ച പാഠ്യപദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇവ കൂടാതെ കോളേജ് വിദ്യാത്ഥികളിൽ സാമൂഹ്യബോധം വളർത്തുന്നതിന് വിവിധ എൻ എസ് എസ് യൂണിറ്റുകളിൽ സ്നേഹരാമങ്ങൾ, ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ് പദ്ധതി, രക്തദാന ക്യാമ്പുകൾ, അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കു ചികിത്സാ സഹായം, ഭക്ഷ്യ കിറ്റ് വിതരണം, ആശുപത്രിയിൽ കഴിയുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും തെരുവിൽ അലയുന്നവർക്കും ഭക്ഷണ പൊതി വിതരണം, സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന സ്കൂൾ കുട്ടികൾക്ക് പഠനോപകരണ വിതരണം എന്നിവ നടത്തപ്പെടുന്നു. |
| (സി) | ലിംഗനീതിയും തുല്യ പദവിയും ഉറപ്പാക്കുന്നതിനും ഭിന്നശേഷി സൗഹൃദമാക്കുന്നതിനും ഉന്നത വിദ്യാഭാസ | (സി) | ലിംഗ സമത്വം നടപ്പിലാക്കേണ്ട ആവശ്യകത തിരിച്ചറിയുന്നതിനും അവ നടപ്പിലാക്കേണ്ട |

| | | | |
|---|---|---|---|
| | മേഖലയിൽ എന്തെല്ലാം പരിഷ്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | | പ്രവർത്തന മാതൃക രൂപ കൽപ്പന ചെയ്യുന്നതിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപകരെ പങ്കെടുപ്പിച്ച് "സമഭാവന യുടെ സദ്കലാശാലകൾ" എന്ന പേരിൽ ദ്വിദിന ശില്പശാല സംഘടിപ്പിക്കുക യുണ്ടായി. പ്രസ്തുത ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി കോളേജുകളിൽ ജൻഡർ സെൻസി റ്റൈസേഷൻ, ജൻഡർ ഇക്വാലിറ്റി ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകളുടെ സഹായത്തോടെ കോളേജുകളിൽ നിരവധി ബോധ വൽക്കരണ പരിപാടികൾ, കലാ-സാംസ്കാരിക, സാഹിത്യ മത്സരങ്ങൾ എന്നിവ നടത്തിവരുന്നു.<br><br>സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ ലിംഗ സമത്വം, ലിംഗ നീതി, ശാരീരികവും മാനസിക വുമായ പീഡനങ്ങൾ, ലൈംഗിക അതിക്രമ ങ്ങൾ, സ്ത്രീവിരുദ്ധ ദുരാചാരങ്ങൾ എന്നിവയെപ്പറ്റി അവബോധം നടത്തുന്ന തിനുമായി കോളേജുകളിൽ ജൻഡർ ജസ്റ്റിസ് ഫോറം, ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>RPWD (Right to Persons With Disabilities Act) ന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകൾ ഭിന്നശേഷി സഹൃദ മാക്കുന്നതിന്റെ ഭാഗമായി ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ബാരിയർ ഫ്രീ ക്യാമ്പസ്". പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ കോളേജുകളിലും റാമ്പ്, ഭിന്നശേഷി സൗഹൃദ ടോയ് ലെറ്റ്, ബ്രയിലി ലിപി ഉപകരണങ്ങൾ, ലിഫ്റ്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.<br><br>ഭിന്നശേഷിക്കാരായ പഠിതാക്കൾക്ക് പരീക്ഷ എഴുതുന്നതിന് ആവശ്യമായ സ്ക്രൈബ്, റീഡർ, ഇന്റർപ്രട്ടർ എന്നിവരെ അർഹതയ്ക്ക് അനുസരിച്ച് അനുവദിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ